## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2015 ജൂലൈ 30, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--149]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : 5805 മുതൽ 5846 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : 5847 മുതൽ 5867 വരെ |
| ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി | : 5868 മുതൽ 5885 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : 5886 മുതൽ 5918 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : 5919 മുതൽ 5953 വരെ |

### അധിക വൈദ്യുതോല്പാദനം

5805. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

### ഊർജ്ജ മേഖലയിൽ ഉത്പാദന -പ്രസരണ-വിതരണ രംഗങ്ങളിലെ നേട്ടങ്ങൾ

5806. **ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി**

**,,** എ.റ്റി.ജോർജ്

**,,** പി.എ.മാധവൻ

**,,** ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ മേഖലയിൽ ഉത്പാദന -പ്രസരണ-വിതരണ രംഗങ്ങളിൽ എന്തെല്ലാം നേട്ടങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചത്;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പ്രസ്തുത നേട്ടങ്ങൾ എത്രമാത്രം സഹായകരമായിട്ടുണ്ട്;

(സി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ ?

### ചേലക്കര മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം

5807. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും അത് എവിടെയെല്ലാമാണെന്നും പറയാമോ ;

(ബി) ഇതിലേക്കായി പുതുതായി സ്ഥാപിച്ച ത്രീ ഫേസ് വൈദ്യുതി ലൈനുകൾ എവിടെയെല്ലാമാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി എം.എൽ.എ ഫണ്ടിൽ നിന്നും നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ഡി) പുതുതായി എം.എൽ.എ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ ശിപാർശ ചെയ്തിട്ടുള്ളതുമായ വൈദ്യുതീകരണ പദ്ധതികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ ?

### കെ.എസ്.ഇ.ബി വർദ്ധിപ്പിച്ച ഫീസ് നിരക്കുകൾ

5808. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തരത്തിലുള്ള ഫീസ് നിരക്കുകളാണ് കെ.എസ്.ഇ.ബി വർദ്ധിപ്പിച്ചത് ; വിശദവിവരമടങ്ങിയ സ്റ്റേറ്റ്മെന്റ് നൽകുമോ ?

### കെ.എസ്.ഇ.ബി.യെ വിഭജിച്ച് കമ്പനിയാക്കൽ

5809. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ വിഭജിച്ച് കമ്പനികൾ ആക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കെ.എസ്.ഇ.ബി. വിഭജിച്ച് കമ്പനിയാക്കിയതിലൂടെ എന്തെങ്കിലും മെച്ചപ്പെട്ട സംവിധാനം നിലവിൽ വന്നുവോ; എന്തെല്ലാം ഗുണങ്ങൾ ആണ്

ഉണ്ടായത്;

(സി) ബോർഡിന്റെ ആസ്തി ബാധ്യത സംബന്ധിച്ച കാര്യങ്ങൾ എങ്ങനെയാണ് നിശ്ചയിച്ചിരിക്കുന്നത്;

(ഡി) നിലവിൽ കെ.എസ്.ഇ.ബി യ്ക്ക് എത്ര തുകയുടെ ബാധ്യതയുണ്ട് ;

(ഇ) പ്രസ്തുത ബാധ്യത എങ്ങനെ നികത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(എഫ്) കെ.എസ്.ഇ.ബി.യുടെ നഷ്ടം കുറച്ചുകൊണ്ട് വരുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കാമോ?

<u>ആർ.ജി.ജി.വി.വൈ (രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതി യോജന)</u>

5810. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി.വൈ (രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതി യോജന) സംസ്ഥാനത്ത് നിലവിലുണ്ടോ;ഈ പദ്ധതിയനുസരിച്ച് ഏറ്റെടുത്ത ഏതെങ്കിലും പദ്ധതികൾ കണ്ണൂർ ജില്ലയിൽ പൂർത്തീകരിക്കാൻ ബാക്കിയുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

<u>കേടായ വൈദ്യുതി മീറ്ററുകൾ</u>

5811. ശ്രീ.ഇ.ചന്ദ്രശേഖരൻ

,, വി.എസ്.സുനിൽ കുമാർ

,, ജി.എസ്.ജയലാൽ

ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദ്രുത വൈദ്യുതി വികസന പദ്ധതിയിൻ കീഴിൽ 2014--ൽ വൈദ്യുതി ബോർഡ് എത്ര വൈദ്യുതി മീറ്ററുകൾ വാങ്ങി ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര വൈദ്യുതി മീറ്ററുകൾ കേടായി കിടക്കുന്നുണ്ട് ; ഇതുമൂലം പ്രതിദിനം ബോർഡിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ?

<u>പവർ ഹൗസുകളിലെ യന്ത്രസാമഗ്രികളുടെയും ജനറേറ്ററുകളുടെയും അറ്റകുറ്റപ്പണി</u>

5812. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പവർ ഹൗസുകളിൽ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളും ജനറേറ്ററുകളും കാലപ്പഴക്കം മൂലം അപകടാവസ്ഥയിലാണെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള ജനറേറ്ററുകളും യന്ത്രസാമഗ്രികളും ഉപയോഗിക്കുന്നത് മൂലമാണ് പലപ്പോഴും പവർഹൗസുകളിലും മറ്റും അപകടങ്ങൾ ഉണ്ടാകുന്നതെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രധാന പവർഹൗസുകളിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്ത ധാരാളം ജനറേറ്ററുകളും യന്ത്രങ്ങളും ഉണ്ടെന്നും ഇത് വൈദ്യുതോല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ എല്ലാ പവർഹൗസുകളിലും യന്ത്രങ്ങളുടെയും ജനറേറ്ററുകളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും കാലപ്പഴക്കം ചെന്നവ മാറ്റുന്നതിനും അവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>വിവിധ കാലഘട്ടങ്ങളിലെ വൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം</u>

5813. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-06 കാലഘട്ടത്തിൽ നിർമ്മാണം ആരംഭിച്ച പുതിയ വൈദ്യുത പദ്ധതികൾ ഏതെങ്കിലും ഈ സർക്കാരിന്റെ കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) മുൻ വർഷങ്ങളിൽ നിർമ്മാണം ആരംഭിച്ച ഏതെല്ലാം പദ്ധതികൾ ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചു; എത്ര യൂണിറ്റ് വൈദ്യുതിയാണ് ഈ കാലയളവിൽ പുതുതായി ഉല്പാദിപ്പിച്ചത്; വിശദീകരിക്കുമോ;

(സി) 2006-11 കാലഘട്ടത്തിൽ ആരംഭിച്ച ഏതെല്ലാം വൈദ്യുത പദ്ധതികൾ ഈ സർക്കാർ വന്നതിനുശേഷം പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചു എന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് പുതുതായി ഈ കാലയളവിൽ ഉല്പാദിപ്പിച്ചത് എന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈസർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പുതിയ പദ്ധതികൾ ആരംഭിച്ചു; ഇതിൽ ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

<u>ഹൈഡൽ പവ്വർ പ്രോജക്ടുകൾ</u>

5814. ശ്രീ.സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ

,, മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ ഹൈഡൽ പവ്വർ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി)

<u>ഊർജ്ജ സംരക്ഷണ ബോധവത്ക്കരണത്തിനായി നടത്തുന്ന പരിപാടികൾ</u>

5815. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ ബോധവത്ക്കരണത്തിനായി വകുപ്പ് നടത്തുന്ന പരിപാടികളെക്കുറിച്ച് വിശദമാക്കാമോ ;

(ബി) ഇത്തരത്തിലുള്ള ബോധവത്ക്കരണം മൂലം ഊർജ്ജ ഉപഭോഗത്തിൽ കുറവു വന്നതായി കാണുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>സോളാർ പാർക്ക്</u>

5816. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി., സോളാർ എനർജി കോർപ്പറേഷനുമായി ചേർന്ന് പാർക്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; ഈ പദ്ധതിയുമായി ഏതെങ്കിലും സ്വകാര്യ ഏജൻസികൾ സഹകരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) സോളാർ പാർക്കിൽ ഒരു യൂണിറ്റ് വൈദ്യുതി ഉദ്പാദിപ്പിക്കുന്നതിനുള്ള ചെലവ് എത്രയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം നല്കുമോ ;

(സി) ഉദ്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിക്കാൻ ആവശ്യമായ പ്രസരണ ശൃംഖല ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>പവ്വർ ഹൗസുകളുടെ നവീകരണം</u>

5817. ശ്രീ.സി.ദിവാകരൻ

,, പി.തിലോത്തമൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്തുള്ള ഏതെല്ലാം പവ്വർ ഹൗസുകളിൽ എത്ര തകരാറുകൾ വീതം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പവ്വർ ഹൗസുകളിൽ സമ്പൂർണ്ണമായ നവീകരണം ഇതുവരെ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം പവ്വർ ഹൗസുകളിൽ സമ്പൂർണ്ണ നവീകരണം അടിയന്തരമായി നടത്തേണ്ടതുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇടുക്കി പവ്വർ ഹൗസിന്റെ സ്ഥിതി സുരക്ഷിതമല്ലെന്ന് റിപ്പോർട്ടുകളുണ്ടോ ; എങ്കിൽ സ്ഥിതി സുരക്ഷിതമാക്കുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വിശദമാക്കുമോ ?

<u>കേന്ദ്ര പദ്ധതികൾ</u>

5818. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.പി.ഡി.എസ് (ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഐ.പി.ഡി.എസ്,ഡി.ഡി.യു.ജി.ജെ.വൈ പദ്ധതികളനുസരിച്ച് കണ്ണൂർ ജില്ലയിൽ നിന്ന് ആവശ്യമായ പ്രപ്പോസലുകൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>വൈദ്യുത ചാർജ്ജയിനത്തിലെ കുടിശ്ശിക</u>

5819. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ചാർജ്ജ് കുടിശ്ശികയിനത്തിൽ ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശികയിനത്തിൽ വൻകിട കമ്പനികളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഏതെല്ലാം കമ്പനികളാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത് എന്നുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) എങ്കിൽ അത്തരം കമ്പനികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>വൈദ്യുതി പ്രസരണ വിതരണ സംവിധാനം മെച്ചപ്പെടുത്താൻ പദ്ധതികൾ</u>

5820. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

,, എം.ഉമ്മർ

,, പി.കെ.ബഷീർ

,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ വൈദ്യുതി പ്രസരണ വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഏതൊക്കെ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഏതെല്ലാം പൂർത്തിയാക്കാനുണ്ടെന്നും എത്രത്തോളം പ്രസരണ നഷ്ടം കുറയ്ക്കാനായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

<u>വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ അമ്പലപ്പുഴ മണ്ഡലത്തിൽ സ്വീകരിച്ച നടപടികൾ</u>

5821. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കാനായി അമ്പലപ്പുഴ മണ്ഡലത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ?

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

5822. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, കെ.അച്ചുതൻ
,, പി.എ.മാധവൻ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത് ;

(ബി) ഇതിനായി എന്തെല്ലാം പരിപാടികൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ ?

ഊർജ്ജ മേഖലയിലെ പ്രസരണ വിതരണ നഷ്ടം.

5823. ശ്രീ.അൻവർ സാദത്ത്
,, പാലോട് രവി
,, ലൂഡി ലൂയിസ്
,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഊർജ്ജ മേഖലയിൽ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിൽ എന്തെല്ലാം നേട്ടങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുള്ളത്;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് പ്രസരണ വിതരണ മേഖലയിൽ എടുത്തത്;

(സി) നേട്ടങ്ങൾ കൈവരിക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത്?

വൈദ്യുതി മേഖലയുടെ ആധുനികവത്കരണം

5824. ശ്രീ.കെ.അച്ചുതൻ
,, ബെന്നി ബെഹനാൻ
,, കെ.മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി മേഖലയിലെ സേവനങ്ങളുടെ ആധുനികവത്കരണത്തിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത് ;

(ബി) ഇത് വഴി ഉപഭോക്താക്കൾക്ക് എന്തെല്ലാം സൗകര്യമാണ് ലഭിച്ചത് ;

(സി) നേട്ടങ്ങൾ കൈവരിക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത്?

സ്വകാര്യ വൈദ്യുതി നിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതി

5825. ശ്രീ.സി.ദിവാകരൻ
,, ഇ.ചന്ദ്രശേഖരൻ
,, കെ.അജിത്
,, മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിഗിരി ജലവൈദ്യുത നിലയത്തിന്റെ തകരാറിന്റെ പേരിൽ സ്വകാര്യ വൈദ്യുതി നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ടോ ; എങ്കിൽ യൂണിറ്റ് ഒന്നിന് എത്ര രൂപ വച്ചാണ് വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരത്തിൽ വൈദ്യുതി വാങ്ങിയതിന്റെ പേരിൽ പ്രതിദിനം എത്ര തുക അധിക ബാദ്ധ്യതയുണ്ടായി ; പ്രസ്തുത തുക ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കായംകുളം താപവൈദ്യുത നിലയം, ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയം എന്നിവിടങ്ങളിൽ നിന്നും യൂണിറ്റൊന്നിന് എത്ര രൂപയ്ക്കാണ് വൈദ്യുതി വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര വിഹിതമായി എത്ര വൈദ്യുതി ലഭിക്കുന്നുണ്ട് ; പവ്വർ ട്രേഡർമാരിൽ നിന്നും എത്ര വൈദ്യുതി വാങ്ങുന്നുണ്ടെന്ന് വിശദമാക്കുമോ ?

വൈദ്യുതി കുടിശ്ശിക തുക

5826. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ വൈദ്യുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ 2011-12 മുതൽ ഓരോ വർഷവും ഓരോ വിഭാഗത്തിലും എത്ര പേരുടെ കണക്ഷൻ കട്ട് ചെയ്തു; എത്ര പേരുടെ കണക്ഷൻ ഏതെല്ലാം സർക്കാർ ഉത്തരവുകൾ പ്രകാരം കട്ട് ചെയ്തില്ല; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പത്രമാധ്യമ മേഖലാ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ വൈദ്യുതി കുടിശ്ശിക വന്നിട്ടുണ്ട്; എന്തു നടപടി സ്വീകരിച്ചു; 2011-12 മുതൽ നാളിതുവരെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) കുടിശ്ശിക വരുത്തിയ ഏതെല്ലാം സ്ഥാപനങ്ങൾ / ഉപഭോക്താക്കൾ നിന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു എന്നും, 2011-12 മുതൽ

2015-16 വരെ ഓരോ വർഷവും സർക്കാരും/വകുപ്പും എന്തു നടപടികൾ സ്വീകരിച്ചു എന്നും, ഇതിലൂടെ വകുപ്പിനു ലഭിച്ച നേട്ടങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(ഡി) വിവിധ കോടതികളിലായി എത്ര കോടി തുകയുടെ കുടിശ്ശിക കേസ്സുകൾ കെട്ടിക്കിടക്കുന്നു എന്നും, ഇവ കൈകാര്യം ചെയ്യാനായി വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു എന്നും 2011-12 മുതൽ നാളിതുവരെ ഓരോ വർഷവും പ്രസ്തുത പ്രവർത്തനവുമായി ബന്ധപ്പെട്ട് എത്ര തുകയുടെ ചെലവുകൾ വകുപ്പിനുണ്ടായി എന്നും വ്യക്തമാക്കുമോ;

(ഇ) ഇത്തരം കേസ്സുകളിൽ 2011-12 മുതൽ നാളിതുവരെ ഓരോ വർഷവും സർക്കാർ എത്ര തുകയുടെ സ്റ്റേ അനുവദിച്ചു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

## മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

5827. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) KSEB യിൽ മസ്ദൂർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനു സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു; എത്ര പേർക്ക് ഇതിനകം നിയമനം നൽകി;

(ബി) ലിസ്റ്റിൽ ഇനി എത്ര പേർ അവശേഷിക്കുന്നുണ്ട്?

## വൈദ്യുതി ഉൽപ്പാദനം .

5828. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു;ഏതെല്ലാം പദ്ധതികളിലൂടെയാണ് കൂടുതൽ വൈദ്യുതി പുതിയതായി ഉൽപ്പാദിപ്പിക്കുന്നത്;വിശദവിവരം നൽകുമോ?

## വൈദ്യുതി ബോർഡിന്റെ ആധുനികവൽക്കരണം

5829. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനെ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് റെഗുലേറ്ററി കമ്മീഷൻ നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് ഇതിനകം നടപ്പാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം നിർദ്ദേശങ്ങളാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) തസ്തികകൾ നിർത്തലാക്കാനോ, തരം താഴ്ത്താനോ, പുനർവിന്യസിക്കാനോ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## നാണ്യവിള ജലസേചനത്തിനുള്ള വൈദ്യുത ചാർജ് നിരക്ക്

T 5830. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാണ്യവിള ജലസേചനത്തിനുള്ള വൈദ്യുത ചാർജ് നിരക്ക് വ്യാവസായിക താരിഫ് ആക്കി ഉയർത്തിയത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തെങ്ങ്, കവുങ്ങ് കർഷകരെ ബാധിക്കുന്ന വിലതകർച്ചയോടൊപ്പം ഉയർന്ന വൈദ്യുത ചാർജ്ജ് ഈടാക്കുന്നത് സംസ്ഥാനത്തെ നാണ്യവിള ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും കർഷകരുടെ ജീവിത തകർച്ചയ്ക്ക് കാരണമാവുകയും ചെയ്യുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് സൗജന്യമാക്കിയിരുന്ന നാണ്യവിള ജലസേചനത്തിനുള്ള വൈദ്യുതി പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളുടെ ഫലപ്രദമായ വിനിയോഗം

5831. ശ്രീ.എ.റ്റി.ജോർജ്
,, ടി.എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചത് ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി നടപ്പാക്കിയത് ; വിശദമാക്കുമോ ;

(സി) ഇത് നേടുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്?

## വീടുകളിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സൺഷിഫ്റ്റ് പദ്ധതി

5832. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി വൈദ്യുതി ബോർഡ് പ്രഖ്യാപിച്ച സൺഷിഫ്റ്റ് പദ്ധതി ഉപഭോക്താവിന് സമ്മാനിക്കുന്നത് വൻ ബാദ്ധ്യതയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സോളാർ ഇൻവെർട്ടറിന് ചെലവാക്കിയ തുകയായ അര ലക്ഷം രൂപ (ഏകദേശം )തിരിച്ചുകിട്ടാൻ 35 വർഷം വേണ്ടിവരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇൻവെർട്ടർ ബാറ്ററിയുടെ ആയുസ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സോളാർ ഇൻവെർട്ടറിൽ ബാറ്ററി ചാർജ്ജിന്റെ 50 ശതമാനം നിലനിർത്തികൊണ്ട് മാത്രമേ പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂവെന്ന കാര്യം പരിഗണിച്ച് മികച്ച ഗുണമേന്മയുള്ള ബാറ്ററികൾ ഉപഭോക്താവിന് നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) സോളാർ ഇൻവെർട്ടർ പരിസ്ഥിതി പ്രശ്നമുണ്ടാക്കുമെന്നുള്ളതിനാൽ എന്ത് പരിഹാരമാണ് ഇതിനെതിരായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

<u>കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം</u>

5833. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതീകരിച്ച വീടുകൾ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇനിയും വൈദ്യുതീകരിക്കാനുള്ള വീടുകൾ എത്രയാണെന്നതിന്റെ പഞ്ചായത്തുതല വിശദാംശം ലഭ്യമാക്കുമോ?

<u>സ്ട്രീറ്റ് ലൈറ്റുകൾ</u>

5834. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ട്രീറ്റ് ലൈറ്റുകൾ പൂർണ്ണമായും എൽ.ഇ.ഡി ആക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ, ഇതിന്റെ വിശദവിവരം നൽകുമോ?

(ബി) സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി ബൾബുകളാക്കിയാൽ എത്രമാത്രം വൈദ്യുതി ലാഭിക്കാമെന്നാണ് കരുതുന്നതെന്ന് പറയാമോ?

(സി) ഏതെല്ലാം മേഖലകളിലും ഡിവിഷനുകളിലും ഇപ്രകാരം എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്ന നടപടി പൂർത്തിയാക്കിയെന്ന് പറയാമോ?

<u>പാരമ്പര്യേതര മേഖലയിൽ നിന്നുള്ള വൈദ്യുതിയുടെ അളവ്</u>

5835. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര മേഖയിൽ നിന്ന് ഉത്പാദിപ്പിക്കുന്നതോ വാങ്ങുന്നതോ ആയ വൈദ്യുതിയുടെ അളവ് എത്ര ശതമാനമാണ്; റഗുലേറ്ററി കമ്മീഷന്റെ വ്യവസ്ഥകൾ പ്രകാരം ഇത് എത്രയായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത വിഹിതത്തിലെ കുറവ് മൂലം റഗുലേറ്ററി കമ്മീഷൻ സംസ്ഥാന വൈദ്യുത ബോർഡിന് ഏതെങ്കിലും തരത്തിലുള്ള പിഴകൾ ചുമത്തിയിട്ടുണ്ടോ; എങ്കിൽ എന്താണ്;

(സി) സംസ്ഥാനത്ത് പ്രസ്തുത വിഹിതത്തിൽ കുറവുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(ഡി) റഗുലേറ്ററി കമ്മീഷന്റെ വ്യവസ്ഥകൾ പാലിക്കുന്നതിനും ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാനും പാരമ്പര്യേതര ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

<u>വൈദ്യുതീകരണം നടക്കാത്ത ഗ്രാമങ്ങൾ</u>

5836. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതീകരണം നടക്കാത്ത എത്ര ഗ്രാമങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ എത്ര ഗ്രാമങ്ങളിൽ ഇപ്പോഴും വൈദ്യുതി എത്താത്തതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിലേക്ക് കർണ്ണാടകയിൽ നിന്നും വൈദ്യുതി എത്തിക്കുന്നതുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>ഊർജ്ജോൽപ്പാദന മേഖലയിൽ നേട്ടങ്ങൾ</u>

5837. **ശ്രീ.ബെന്നി ബെഹനാൻ**
**,, ആർ . സെൽവരാജ്**
**,, ജോസഫ് വാഴയ്ക്കൻ**
**,, എം.പി.വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജോൽപ്പാദന മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി ചെറുകിട ജലസേചന പദ്ധതികൾ എത്രമാത്രം സഹായിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) ഇത് നേടുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ?

<u>റെയിൽ പാതകളുടെ ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും</u>

5838. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ റെയിൽ പാതകളുടെ ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും പ്രവൃത്തികളിൽ ഇനി ഏതെല്ലാം പൂർത്തീകരിക്കാനുണ്ടെന്നും ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ്

5839. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദർശ് സ്റ്റേഷനായി ഉയർത്തിയിട്ടുള്ള ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കൊരട്ടി റെയിൽവേ സ്റ്റേഷനെ ഫ്ലാഗ് സ്റ്റേഷനാക്കി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഊട്ടറയിൽ റെയിൽവേ മേൽപ്പാലം

5840. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഊട്ടറയിൽ റെയിൽവേ മേൽപാലം അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത റെയിൽവേ മേൽപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

കാഞ്ഞങ്ങാട് റെയിൽവേസ്റ്റേഷൻ നവീകരണം

5841. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷൻ നവീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) യാത്രക്കാർക്ക് ടോയ് ലറ്റ്,റസ്റ്റ്റൂം സൗകര്യങ്ങൾ ഒരുക്കുന്നതിനും അവ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിൽ സ്ഥാപിച്ചിട്ടുള്ള പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി

5842. ശ്രീ.എം.ചന്ദ്രൻ
ഡോ.കെ.ടി.ജലീൽ
ശ്രീ.പി.ശ്രീരാമകൃഷ്ണൻ
,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി, നിലവിലെ സാഹചര്യത്തിൽ എന്ന് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിന് സമീപകാലത്ത് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിന് നിലവിലെ തടസ്സമെന്തെന്നും പ്രസ്തുത തടസ്സം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കാമോ ?

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് പാറഖനന മേഖലയിലുള്ള നിയന്ത്രണ ഉത്തരവാദിത്തങ്ങൾ

5843. ശ്രീ.റ്റി.എ.അഹമ്മദ് കബീർ
,, പി.ഉബൈദുള്ള
,, വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറഖനന മേഖലയിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയിട്ടുള്ള നിയന്ത്രണ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഖനന മേഖലയിൽ താമസിക്കുകയും തൊഴിലെടുക്കുകയും ചെയ്യുന്നവരുടെ കാര്യത്തിൽ വായു, വെള്ളം, ശബ്ദം എന്നിവയുടെ മലിനീകരണം ഉണ്ടാക്കുന്ന ശാരീരിക , മാനസിക ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കാനുള്ള ഉത്തരവാദിത്തം ബോർഡിൽ നിക്ഷിപ്തമാണോ ;

(സി) എങ്കിൽ ബോർഡിൽ നിന്നും ഖനനത്തിനുള്ള അനുമതി നൽകും മുമ്പ് പരിസരവാസികളുടെ അഭിപ്രായം തേടുകയും ന്യായമായ ആവലാതികൾക്ക് പരിഹാരമുണ്ടാക്കുകയും വേണമെന്ന് നിർദ്ദേശം നൽകുമോ?

മലിനീകരണ നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടി

5844. പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.എസ്.രാജേന്ദ്രൻ
,, സാജു പോൾ
,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലിനീകരണ നിയന്ത്രണ സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പലവിധത്തിലുള്ള മലിനീകരണ കാരണങ്ങളാൽ സമൂഹത്തിലുണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിന് സംസ്ഥാനത്തെ ജനങ്ങൾക്ക് കോടതികളുടെ ഇടപെടൽ ആവശ്യമാകുന്ന സാഹചര്യം ഉണ്ടാകുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ</u>

5845. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡിൽ നിലവിൽ എത്ര ജീവനക്കാരുണ്ട് എന്നും അഴിമതി ആരോപണങ്ങളും കേസ്സുകളും നേരിടുന്ന ജീവനക്കാർ ആരെല്ലാം എന്നും (ജില്ല തിരിച്ചുള്ള വിശദാംശം ഉൾപ്പെടെ) വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ബോർഡ് അംഗീകാര സർട്ടിഫിക്കറ്റ് നൽകിയ ക്വാറികൾ, ബാറുകൾ, ബഹുനിലകെട്ടിടങ്ങൾ, മറ്റുസ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്നും സർട്ടിഫിക്കറ്റ് നിരസിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ബോർഡിലെ സ്ഥിരം ജീവനക്കാർ, താല്ക്കാലിക ജീവനക്കാർ, അപ്രന്റീസുകൾ, എച്ച്.ആർ. ജീവനക്കാർ, സ്ഥിരമല്ലാത്ത ജീവനക്കാർ എന്നിവരുടെ വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) ബോർഡിലെ എഞ്ചിനീയറിംഗ്/സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് എന്നും ഇതിലേക്ക് എത്ര അപേക്ഷകർ ഉണ്ടായിരുന്നു എന്നും നിയമനം സംബന്ധിച്ച പരാതികൾ എന്തെല്ലാമെന്നും നിയമനം എന്നാണ് സർക്കാർ തടഞ്ഞതെന്നും നിയമന അഴിമതികളിൽ പങ്കാളികളായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുതതസ്തികകളിൽ നിയമനത്തിനായി, ,നിലവിലെ നിയമന രീതിയും, ഉദ്യോഗസ്ഥരെയും ഒഴിവാക്കി പുതിയ അപേക്ഷകൾ ക്ഷണിച്ച് നിയമനങ്ങളുടെ മേൽനോട്ടം ഒരു വിദഗ്ധ സമിതിക്കോ പി.എസ്.സി യ്ക്കോ വിടുന്നതിനു നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

<u>മലിനീകരണ നിയന്ത്രണത്തിനായി കർമ്മ പദ്ധതികൾ.</u>

5846. ശ്രീ.വർക്കല കഹാർ
,, അൻവർ സാദത്ത്
,, പാലോട് രവി
,, എം.പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യക്ഷമമായ മലിനീകരണ നിയന്ത്രണത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഇതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ എങ്ങനെയാണ് പ്രയോജനപ്പെടുത്തിയത്;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യ വികസനങ്ങളാണ് ഇതിനായി ബോർഡിൽ വരുത്തിയിട്ടുള്ളത്?

<u>ഉഷ മുരളിയുടെ അപേക്ഷ</u>

5847. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കുറുപ്പംപടി സർവ്വീസ് സഹകരണ ബാങ്കിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് ശ്രീമതി ഉഷ മുരളി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടി അറിയിക്കുമോ?

<u>സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം</u>

5848. ശ്രീ.സി.മമ്മൂട്ടി
,, കെ.എൻ.എ.ഖാദർ
,, എൻ. ഷംസുദ്ദീൻ
,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ സംഘങ്ങളുടെയും ബാങ്കിംഗ് സ്ഥാപനങ്ങളുടെയും പ്രവർത്തനക്ഷമത കാലാകാലങ്ങളിൽ വിലയിരുത്താറുണ്ടോ;

(ബി) എങ്കിൽ ഏറ്റവും ഒടുവിലെ കണക്കുകൾ പ്രകാരം ഓരോ വിഭാഗത്തിലും സജീവമല്ലാത്തവയും നിർത്തലാക്കൽ ഭീഷണിയിലുള്ളവയും സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്ഥാപനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ക്രമക്കേടുകൾ മുഖാന്തിരമുള്ള സാമ്പത്തിക നഷ്ടത്തിന്റെ വ്യാപ്തി എത്രയാണെന്നും സംബന്ധിച്ച വിശദവിവരം നൽകാമോ?

<u>സഹകരണ മേഖലയിലെ പഠനസമിതി</u>

5849. ശ്രീ.സി.പി.മുഹമ്മദ്
,, എം.എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ വിവിധ വിഷയങ്ങളിൽ പഠനസമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം പഠനസമിതികളാണ് രൂപീകരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത സമിതികളുടെ റിപ്പോർട്ടിൻമേൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

സഹകരണ മേഖലയുടെ പദ്ധതി പ്രവർത്തനങ്ങൾ

5850. ശ്രീ.എം.എ. വാഹീദ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ബെന്നി ബെഹനാൻ

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയുടെ പദ്ധതി പ്രവർത്തനങ്ങളിൽ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഈ രംഗത്ത് കൈവരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയത്?

സഹകരണ മേഖലയിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പകൾ

5851. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലൂടെ വിവിധ കോഴ്സുകൾക്ക് വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; ഇതിന്റെ പലിശ നിരക്കും തിരിച്ചടവ് സംബന്ധിച്ച വിവരങ്ങളും നൽകുമോ;

(സി) ചേർത്തല താലൂക്കിലെ വിവിധ സഹകരണ ധനകാര്യ സ്ഥാപനങ്ങളിലൂടെ വിദ്യാഭ്യാസ വായ്പയിനത്തിൽ ഈ സർക്കാർ കാലയളവിൽ വിതരണം ചെയ്യപ്പെട്ട തുക എത്രയെന്നും അതിന്റെ തിരിച്ചടവ് എപ്രകാരം പുരോഗമിക്കുന്നുവെന്നും വ്യക്തമാക്കുമോ?

സഹകരണ സ്ഥാപനങ്ങൾ വഴി ആഘോഷവേളകളിൽ അവശ്യസാധനങ്ങളുടെ വിതരണം

5852. ശ്രീ.എ.കെ.ബാലൻ

,, എം. ഹംസ

,, കെ.കെ.നാരായണൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ വഴി ഓണം, വിഷു, ക്രിസ്തുമസ്, പെരുന്നാൾ എന്നിങ്ങനെയുള്ള ആഘോഷവേളകളിൽ പൊതുവിപണിയിൽ വിലക്കയറ്റം തടയാൻ തക്കവിധത്തിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിൽ ഈ സർക്കാരിന്റെ കാലയളവിലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കി സ്വകാര്യ വ്യാപാരസ്ഥാപനങ്ങൾക്ക് സഹായം ചെയ്യുന്ന വിധത്തിലുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ;

(സി) കമ്പോള ഇടപെടലിന് സഹകരണമേഖലയെ ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ഈ സർക്കാരിന് സാധിക്കുന്നില്ല എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

5853. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ നഷ്ടത്തിലും ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ ലാഭത്തിലും പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

(ബി) നിലവിൽ നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

സഹകരണ സംഘങ്ങൾക്ക് പ്രവർത്തനാനുമതി

5854. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര സഹകരണ സംഘങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സംഘങ്ങളുടെ പരിധിക്കുള്ളിൽ പുതിയ സംഘങ്ങൾ അനുവദിക്കുന്നതു നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നത് സംബന്ധിച്ച വിശദീകരിക്കുമോ;

(സി) എങ്കിൽ നിലവിലുള്ള സംഘങ്ങൾ സാങ്കേതികമായി ഇതര സ്വഭാവത്തിലുള്ളവയാണെങ്കിലും അവയുടെ പരിധിയിൽ പുതിയ സംഘങ്ങൾ അനുവദിക്കുന്ന നടപടികൾ ഒഴിവാക്കാമോ?

ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലെ നിയമനം

5855. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്ക് നിലവിലെ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഒഴിവുകൾ മാറ്റിവയ്ക്കണമെന്ന് ബഹു. സുപ്രീം കോടതി ഇടക്കാല ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്; എന്നാണ് വ്യക്തമാക്കിയത്;

(ബി) പ്രസ്തുത ഇടക്കാല ഉത്തരവില്ലാതെ പ്രസ്തുത തസ്തികയിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലെ ഒഴിവുകൾ

5856. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ നിന്നും 2009 ന ശേഷം വന്ന ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ടു ചെയ്യാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) മേൽ തസ്തികയിൽ പ്രസ്തുത ജില്ലകളിൽ 2009 ന ശേഷം വന്ന ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാർ.

T 5857. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാരെ സംബന്ധിച്ചും അവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചും സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ബ്രാഞ്ച് മാനേജർ തസ്തികയിലെ ഒഴിവുകൾ

5858. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ 2010-11, 2011-12, 2012-13, 2013-14 കാലയളവിലെ വാർഷിക പൊതുയോഗ റിപ്പോർട്ടുകളിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ വിരമിച്ചവർ, മരണപ്പെട്ടവർ, സ്ഥാനക്കയറ്റം നൽകിയ പ്രകാരമുള്ളവർ, പുതിയ ബ്രാഞ്ചുകളിലുള്ളവർ എന്നീ വിഭാഗത്തിൽപ്പെട്ട എത്ര ഒഴിവുകൾ ഉണ്ട് എന്ന് വെളിപ്പെടുത്തിയിരുന്നു;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്തിരുന്നോ; ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തിയിട്ടുണ്ടെങ്കിൽ എപ്രകാരമാണ് അത് നികത്തിയതെന്ന് വിശദീകരിക്കുമോ?

കേപ്പിലെ ഒഴിവുകൾ

5859. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) AICTE മാനദണ്ഡമനുസരിച്ചുള്ള ജീവനക്കാർ കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുണ്ടോ; നിലവിൽ സ്ഥിരം ജീവനക്കാർ എത്ര; കരാർ ജീവനക്കാർ എത്ര; വിശദമാക്കാമോ;

(ബി) കേപ്പ് എഞ്ചിനീയറിംഗ് കോളേജുകളിലെ ഏതെല്ലാം തസ്തികകൾക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്; ഏതെല്ലാം തസ്തികകൾക്ക് ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഏതെല്ലാം തസ്തികകളിൽ ഇന്റർവ്യൂ നടന്നുവരുന്നു; ഏതെല്ലാം തസ്തികകളിലേയ്ക്ക് തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്; ഓരോ തസ്തികയിലും ഉള്ള ഒഴിവുകൾ സഹിതം വ്യക്തമാക്കാമോ;

(സി) കേപ്പ് സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന സമയത്ത് നിയമനം നടത്തുന്നതുകൊണ്ടുണ്ടാകുന്ന അധിക ബാദ്ധ്യത പരിഹരിക്കാനായി എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ കേപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര കോടി രൂപ വിനിയോഗിച്ചു; വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ പുതിയ സഹകരണ സംഘങ്ങൾ

5860. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ നിലവിലുള്ള സംഘത്തിൽ എത്ര സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

മെഡിക്കൽ കോളേജ് കാറ്ററിംഗ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ പണാപഹരണം

5861. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് കാറ്ററിംഗ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭാരവാഹികൾ 2000-2010 കാലയളവുകളിൽ സംഘം ഫണ്ടിൽ നിന്നും പണം അപഹരിച്ചിട്ടുള്ളതായി സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) അന്വേഷണങ്ങളിൽ കുറ്റക്കാരായി കണ്ടെത്തിയവരിൽ നിന്ന് സഹകരണ നിയമവും ചട്ടവും വ്യവസ്ഥ ചെയ്യുന്ന സർചാർജ്ജ് ചുമത്തി നഷ്ടപ്പെട്ട തുക ഈടാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) സംഘം ഫണ്ടിൽ നിന്നും പണാപഹരണം നടത്തിയവർക്കെതിരെ കേസുകൾ ചാർജ്ജ് ചെയ്ത് അവരുടെ വസ്തുവകകളിൽ നിന്ന് തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

അശരണർക്ക് ആശ്വാസം നൽകുന്നതിന് പദ്ധതികൾ

5862. ശ്രീ.കെ.മുരളീധരൻ
,, ടി.എൻ. പ്രതാപൻ
,, വി.ഡി.സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അശരണർക്ക് ആശ്വാസം നൽകുന്നതിൽ സഹകരണ മേഖല എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തത്;

(സി) പദ്ധതികൾ നടപ്പിൽ വരുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

<u>തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ പുതിയ ബ്രാഞ്ചുകൾ</u>

5863. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് തിരുവനന്തപുരം ജില്ലയിൽ പുതിയതായി എവിടെയെല്ലാമാണ് ബ്രാഞ്ചുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും അവ എന്നുമുതൽ പ്രവർത്തനം ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) നഗരൂർ, പോങ്ങനാട് ടൗണുകളിൽ ജില്ല സഹകരണ ബാങ്കിന്റെ ശാഖ തുടങ്ങുവാൻ നടപടി സ്വീകരിക്കാമോ?

<u>അപ്രൈസർമാരുടെ സേവന വേതന വ്യവസ്ഥകൾ</u>

5864. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ അപ്രൈസർമാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് സർക്കാർ നിയമിച്ച സുരേഷ് ബാബു കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തീരുമാനങ്ങൾ എടുത്തു എന്ന് വ്യക്തമാക്കുമോ ?

<u>ഉല്പാദക സഹായ പദ്ധതികൾ</u>

5865. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത ഖാദി ഗ്രാമ വ്യവസായവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഉല്പാദക സഹായ പദ്ധതികൾ എന്തെല്ലാമാണെന്നു വിശദമാക്കാമോ;

(ബി) ഇതിനായി സർക്കാർ സഹായധനം നൽകുന്നുണ്ടോ; 2014-15 സാമ്പത്തിക വർഷത്തിൽ എത്ര തുക നൽകിയെന്ന വെളിപ്പെടുത്താമോ;

(സി) ഖാദി ഉല്പന്നങ്ങളുടെ കയറ്റുമതിയിലൂടെ 2011,2012,2013,2014എന്നീ വർഷങ്ങളിൽ എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

<u>മില്ലേനീ റെഡിമെയ്ഡ് യൂണിറ്റിന്റെ പ്രവർത്തനം</u>

5866. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന മില്ലേനീ റെഡിമെയ്ഡ് യൂണിറ്റിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു; അവരുടെ സേവനവേതന വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) ഇവർക്ക് വേതനപരിഷ്കരണം നടത്തുന്നതിന്റെ മാനദണ്ഡമെന്താണ്; തുച്ഛമായ ശമ്പളത്തിന് ജോലി നോക്കുന്ന ഈ തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) റെഡിമെയ്ഡ് യൂണിറ്റുകളിലെ നിലവിലുള്ള പീസ് റേറ്റ് എല്ലാ യൂണിറ്റുകളിലും ഏകീകരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) മില്ലേനീ റെഡിമെയ്ഡ് യൂണിറ്റിൽ ഒരു ജനറേറ്റർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഗ്രാമവ്യവസായ മേഖലയിലെ നേട്ടങ്ങൾ</u>

5867. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, എം.പി.വിൻസെൻറ്
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസർക്കാരിന്റെ കാലത്ത് ഗ്രാമവ്യവസായ മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്;

(ബി) ഗ്രാമവ്യവസായ മേഖലയിൽ തൊഴിലവസരം, സബ്സിഡി നൽകൽ എന്നീ കാര്യങ്ങളിൽ എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ഭരണതലത്തിൽ നടപ്പാക്കിയത്?

<u>എൻ. പി. എസ്.-ൽ ജീവനക്കാരുടെ അംഗത്വം</u>

T 5868. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പുതിയതായി പി.എസ്.സി. മുഖേന നിയമിതരായ എല്ലാ ജീവനക്കാരേയും ഈ സർക്കാർ നടപ്പിലാക്കിയ എൻ. പി. എസ്.-ൽ അംഗമാക്കി ചേർത്തിട്ടുണ്ടോ; എങ്കിൽ വകുപ്പുതിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഈ പദ്ധതിയിലേയ്ക്ക് മാച്ചിംഗ് ഗ്രാന്റ് ആയി 1. 3. 2015 വരെ എത്ര രൂപ സർക്കാർ ഒടുക്കിയിട്ടുണ്ട്; വിശദവിവരം നൽകുമോ ?

ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട്

T 5869. ശ്രീ.റ്റി.വി.രാജേഷ്

,, കെ.വി.വിജയദാസ്

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള പരിശോധന ആരംഭിച്ചിട്ടുണ്ടോ ; നീതീപൂർവ്വമല്ലാത്തതായി സർക്കാർ കരുതുന്ന ശിപാർശകൾ ഏതൊക്കെയാണ് ;

(ബി) സംസ്ഥാനത്ത് അനുവർത്തിച്ചുവരുന്ന ഏതെല്ലാം നിലപാടുകളിലാണ് കമ്മീഷൻ അടിസ്ഥാനപരമായ മാറ്റം ശിപാർശ ചെയ്തിട്ടുള്ളത് ;

(സി) ശമ്പള പരിഷ്കരണത്തിന്റെ അഞ്ചുവർഷ തത്വം മാറ്റുന്ന നിലയിൽ കമ്മീഷൻ ശുപാർശ നൽകിയിട്ടുണ്ടോ ;

(ഡി) ലീവ് സറണ്ടർ സംബന്ധിച്ച് നിർദ്ദേശിച്ച മാറ്റം എന്താണ് ;

(ഇ) അടിസ്ഥാനപരമായ മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള എല്ലാ ശിപാർശകളിലും സർക്കാരിന്റെ നിലപാട് അറിയിക്കുമോ ;

(എഫ്) രണ്ടാംഘട്ട റിപ്പോർട്ട് ലഭിച്ചതിനു ശേഷമാണോ ശമ്പള പരിഷ്കരണം നടപ്പിലാക്കാനുദ്ദേശിക്കുന്നത് ;

(ജി) രണ്ടാംഘട്ട റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷന് കാലപരിധി നിശ്ചയിച്ചുകൊടുത്തിട്ടുണ്ടോ ; കമ്മീഷന്റെ പ്രവർത്തനത്തിൽ കാലതാമസമുണ്ടായതിനെത്തുടർന്ന് അനിശ്ചിതകാല പണിമുടക്കിന് നോട്ടീസ് നൽകിയ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സംഘടനകളുടെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു എന്നറിയിക്കുമോ?

സുഗന്ധ വ്യഞ്ജനങ്ങളുടെ കൃഷിക്ക് സബ്സിഡി.

5870. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് വർഷത്തെ ബഡ്ജറ്റിൽ സുഗന്ധ വ്യഞ്ജനങ്ങളുടെ കൃഷിക്ക് സബ്സിഡി നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പേര് മാറ്റം

5871. ശ്രീ.ആർ . സെൽവരാജ്

,, എം.എ. വാഹീദ്

,, പി.സി വിഷ്ണുനാഥ്

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പേര് മാറ്റിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(സി) ആഡിറ്റുകൾ സമകാലീനമാക്കാൻ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബാലസാന്ത്വനം പദ്ധതി

5872. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലസാന്ത്വനം പദ്ധതി രൂപീകരിച്ചത് എന്നാണ്; എന്താണ് ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച നിരക്ക്

T 5873. ശ്രീ.ഷാഫി പറമ്പിൽ

,, കെ.മുരളീധരൻ

,, അൻവർ സാദത്ത്

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ നിരക്കിനെക്കാൾ മുന്നിലെത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നല്കാമോ ;

(സി) പ്രസ്തുത വളർച്ചാനിരക്ക് കൈവരിക്കാൻ എന്തെല്ലാം നയങ്ങളും കാര്യപരിപാടികളുമാണ് നടപ്പാക്കിയിട്ടുള്ളത് ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ പദ്ധതികൾ

5874. ശ്രീ.ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതൊക്കെ പദ്ധതികൾക്കാണ് നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) മണ്ഡലത്തിൽ ഇനി ഏതൊക്കെ പദ്ധതികളാണ് ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകുന്നതിന് ധനവകുപ്പിന്റെ പരിഗണനയിലിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശമ്പളക്കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടി</u>

T 5875. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

<u>നികുതി ചോർച്ച</u>

5876. ശ്രീ.വർക്കല കഹാർ
,, എ.റ്റി.ജോർജ്
,, പി.എ.മാധവൻ
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി ചോർച്ച തടയുന്നതിന് വാണിജ്യ നികുതി വകുപ്പിൽ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്;

(ബി) ഇതിനായി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉഴവൂർ മിനി സിവിൽ സ്റ്റേഷനും സബ്ട്രഷറി നിർമ്മാണവും</u>

5877. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ മിനി സിവിൽ സ്റ്റേഷനും സബ്ട്രഷറി നിർമ്മാണവും സംബന്ധിച്ച് ട്രഷറി വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; ട്രഷറി വകുപ്പിലെ ഇതിന്റെ ഫയൽ നമ്പർ അറിയിക്കാമോ; പഴയ ട്രഷറി കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ;

(ബി) പുതിയ കെട്ടിട നിർമ്മാണത്തിനും സിവിൽസ്റ്റേഷൻ നിർമ്മാണത്തിനുമായി സ്ഥലം കൈമാറിയിട്ടുണ്ടോ; ആയതിന്റെ ഡി.പി.ആർ. പൊതുമരാമത്ത് വകുപ്പ് വഴി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സമർപ്പിച്ചതെന്ന്; ഫയൽ നമ്പർ നൽകുമോ?

<u>ലോട്ടറി ഏജന്റുമാരുടെ ക്ഷേമത്തിനായി പദ്ധതികൾ</u>

5878. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവിൽ റെക്കാർഡ് ഉണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) ലോട്ടറി ഏജന്റുമാരുടെയും കുടുംബങ്ങളുടെയും ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ലോട്ടറി വില്പനയിലെ കുറവ്</u>

5879. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റുകൾ നിശ്ചിത സമയത്തിനുള്ളിൽ അച്ചടിച്ചു വരാത്തതുകാരണം ഏജൻസികൾക്കും പൊതുജനങ്ങൾക്കും ടിക്കറ്റുകൾ ലഭ്യമല്ലാതാകുകയും അതുവഴി വില്പനയിൽ വലിയ കുറവ് വന്നിട്ടുള്ളതുമായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ടിക്കറ്റുകളുടെ അച്ചടിയുമായി ബന്ധപ്പെട്ട പോരായ്മകളും നടത്തിപ്പിലെ വീഴ്ചകളും സർക്കാർ ലോട്ടറിയെ പ്രതികൂലമായി ബാധിക്കുന്നതായി;ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യം പരിശോധിച്ച് അപാകതകൾ പരിഹരിക്കാനും കാരുണ്യ പോലെയുള്ള ജനോപകാരപ്രദമായ പദ്ധതികൾ കൂടുതൽ വരുമാന മാർഗ്ഗമുള്ളതാക്കാനും വരുമാനം വർദ്ധിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>സൗഭാഗ്യം പദ്ധതി</u>

5880. ശ്രീ.പാലോട് രവി
,, കെ.ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, എം.പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗഭാഗ്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്?

കാസർകോട് ജില്ലയിലെ ഒറ്റനമ്പർ ലോട്ടറി

5881. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ഒറ്റനമ്പർ ലോട്ടറി വ്യാപകമാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയാമോ ;

(സി) എത്ര കേസുകൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

സർക്കാർ വാദിയായുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള പദ്ധതി

5882. ശ്രീ.ലൂഡി ലൂയിസ്

,, അൻവർ സാദത്ത്

,, എ.റ്റി.ജോർജ്

,, പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാദിയായുള്ള കേസ്സുകൾ തീർക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

ഭവന നിർമ്മാണ ബോർഡിന്റെ പുതിയ പ്രോജക്ടുകൾ

5883. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പ്രോജക്ടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടുകൾ എവിടെയെല്ലാമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സാഫല്യം, സാന്ത്വനം, സൗഭാഗ്യം, ഗൃഹശ്രീ പദ്ധതികളിലൂടെ നൽകിയ വീട്ടുകൾ

5884. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഫല്യം, സാന്ത്വനം, സൗഭാഗ്യം, ഗൃഹശ്രീ എന്നീ പദ്ധതികളിലൂടെ എത്ര വീട്ടുകളാണ് നൽകിയതെന്ന് വിശദമാക്കോ ?

സായൂജ്യം പാർപ്പിട പദ്ധതി

5885. ശ്രീ.കെ.ശിവദാസൻ നായർ

,, ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സായൂജ്യം പാർപ്പിട പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ചെറുകിട വ്യവസായ സംരംഭങ്ങൾ

5886. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം നിലയിൽ ആരംഭിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം ഇനങ്ങളിലുള്ള വ്യവസായ സംരംഭങ്ങൾക്കാണ് ഇപ്രകാരം സഹായങ്ങളും സബ്സിഡികളും ലഭിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ചേർത്തല താലൂക്കിൽ ഏതെല്ലാം സ്വകാര്യ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സഹായങ്ങളും സബ്സിഡികളും ഈ സർക്കാർ കാലയളവിൽ അനുവദിച്ചു; ഇതിന്റെ വിശദവിവരങ്ങൾ നൽകുമോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

5887. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിയമനങ്ങൾക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) ഇവയിൽ സ്ഥിര നിയമനങ്ങളുടെയും താല്ക്കാലികം/കരാർ നിയമനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) എംപ്ലോയ്മെന്റ് മുഖാന്തരം പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

എം.എസ്.കെ നഗറിൽ നടപ്പിലാക്കുന്ന സ്വയംപര്യാപ്ത കോളനി പദ്ധതി

5888. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ കുര്യാത്തി വാർഡിൽ എം.എസ്.കെ നഗറിൽ സിഡ്കോ നിർവ്വഹണ ഏജൻസി എന്ന നിലയിൽ നടപ്പിലാക്കുന്ന സ്വയംപര്യാപ്ത കോളനി പദ്ധതിയുടെ നിർവ്വഹണപുരോഗതി ഇനം തിരിച്ച് വിശദമാക്കുമോ?

വിവിധ വിവര സാങ്കേതിക സ്ഥാപനങ്ങളുടെ വിറ്റുവരവും സർക്കാരിന്റെ നികുതി വരുമാനവും

5889. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഓരോവർഷവും കേരളത്തിന്റെ ഐ.ടി. ഉല്പന്നങ്ങളുടെ കയറ്റുമതിയും ഇറക്കുമതിയും എത്ര തുകയുടേതായിരുന്നു എന്നത് സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഐ.ടി. രംഗത്ത് തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി സ്മാർട്ട് സിറ്റി തുടങ്ങി എത്ര ഐ.ടി. മേഖലകളും പാർക്കുകളും ഉണ്ട് എന്നും ഇവർ ഐ.ടി. ഉല്പന്നങ്ങളുടെ കയറ്റുമതി/ഇറക്കുമതി എന്നീ മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും ആയത് സംസ്ഥാനത്തിനുണ്ടാക്കിയ നേട്ടങ്ങളും കോട്ടങ്ങളും എന്ത് എന്നും ഇതുവഴി സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നേട്ടം/നഷ്ടം എന്താണ് എന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാനത്ത് പ്രവർത്തിച്ച സ്റ്റാർട്ട് അപ് കമ്പനികൾ ഏതെല്ലാം എന്നും അവർക്ക് ഓരോ വർഷവുമുണ്ടായ വിറ്റുവരവ് എത്ര എന്നും അതുവഴി സർക്കാരിന് ലഭിച്ച നികുതി ഉൾപ്പെടെയുള്ള വരുമാനം എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഐ.ടി. കമ്പനി ഉൾപ്പെടെ സ്റ്റാർട്ട് അപ് കമ്പനികളിലായി സംസ്ഥാനത്താകമാനം എത്ര പേർ തൊഴിൽ ചെയ്യുന്നു എന്നും ഇതിൽ മലയാളികൾ എത്രയെന്നും അന്യ സംസ്ഥാനക്കാർ എത്രയെന്നും വിശദമാക്കുമോ; ഇതുമായി ബന്ധപ്പെട്ട കണക്ക് ലഭ്യമല്ലെങ്കിൽ സമയബന്ധിതമായി കണക്ക് എടുക്കുവാൻ എന്ത് നടപടി സ്വീകരിക്കും;

(ഇ) പ്രസ്തുത മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ ക്രിമിനലുകളായി കണ്ടെത്തിയവർ ആരെല്ലാം എന്നും ഇവരുടെ പേരിൽ വ്യവസായ വകുപ്പും മറ്റു സർക്കാർ വകുപ്പുകളും സ്വകാര്യ സ്ഥാപനങ്ങളും എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

പുതിയ വ്യവസായ സംരംഭങ്ങൾ

5890. ശ്രീ.സി.എഫ്.തോമസ്
,, റ്റി.യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ സർക്കാർ മേഖലയിൽ ആരംഭിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

കൊച്ചി കപ്പൽ നിർമ്മാണശാലയുടെ പ്രവർത്തനം

5891. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**
,, സി.കെ സദാശിവൻ
,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കപ്പൽ നിർമ്മാണശാലയുടെ പ്രവർത്തനശേഷിക്കനുസരിച്ച് നിർമ്മാണ ഓർഡർ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കപ്പൽ നിർമ്മാണരംഗത്തെ ആവശ്യകതക്കനുസരിച്ച് കൊച്ചി കപ്പൽ നിർമ്മാണശാലയിൽ ഓർഡർ ലഭ്യമാക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രതിരോധ മന്ത്രാലയത്തിൽ നിന്നും മറ്റ് മേഖലകളിൽ നൽകുന്ന ഓർഡറുകൾക്ക് ആനുപാതികമായി കൊച്ചിയിൽ ഇതര ഓർഡറുകൾ ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

പ്രവാസി മലയാളികളിൽ നിന്നും സംസ്ഥാനത്തെത്തുന്ന പണം

5892. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളിൽ നിന്നും സംസ്ഥാനത്തെത്തുന്ന പണം വ്യവസായ വികസനത്തിനായി ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) ആയതിലേക്കായി നിലവിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നുവെന്നും ഇതിനായി എന്തെല്ലാം സഹായങ്ങൾ നൽകുന്നുവെന്നും വ്യക്തമാക്കാമോ ?

വ്യവസായ വാണിജ്യ വകുപ്പിലെ സ്ഥാനക്കയറ്റം

5893. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ വകുപ്പിൻകീഴിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുണ്ടെന്നും, വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും, ഈ സർക്കാരിന്റെ കാലയളവിൽ എത്രപേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) സ്ഥാനക്കയറ്റം സംബന്ധിച്ച ജി.ഒ എം.എസ് നം. 288/റ്റി1/പി.ഡി. തീയതി: 1.9.1971 എന്നാണ് വ്യവസായ വകുപ്പിൽ നടപ്പാക്കിയത്; ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റത്തിന് യോഗ്യരായവർ ആരെല്ലാം ; എത്രപേർക്ക് സ്ഥാനക്കയറ്റം നൽകി ; ഇനി എത്ര പേർക്ക് നൽകാനുണ്ട്; യോഗ്യരായവരിൽ സ്ഥാനക്കയറ്റം ലഭിയ്ക്കാത്തവർ ആരെല്ലാം എന്നും എന്തുകാരണങ്ങളാലാണ് അവരുടെ സ്ഥാനക്കയറ്റം തടഞ്ഞുവെച്ചിട്ടുള്ളത് എന്നും തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) തടഞ്ഞുവെച്ചിട്ടുള്ള സ്ഥാനക്കയറ്റ അപേക്ഷകളിൽ യഥാസമയം മറുപടി നൽകിയവരും തുടർ അപേക്ഷകൾ നൽകിയവരും ആരെല്ലാം എന്നും അവയിൽ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

## വ്യവസായ മേഖലയിലെ കേന്ദ്രനിക്ഷേപം

5894. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും വ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള കേന്ദ്രനിക്ഷേപം എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്തിന് അർഹമായതും ആവശ്യമായതുമായ തരത്തിലുള്ള കേന്ദ്രനിക്ഷേപം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിച്ച അതേ തോതിൽ കേന്ദ്രനിക്ഷേപം കേരളത്തിന് ലഭിച്ചിട്ടുണ്ടോ ?

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന വ്യവസായ സ്ഥാപനങ്ങൾ

5895. ശ്രീ.എളമരം കരീം
,, വി.ശിവൻകുട്ടി
,, ജി.സുധാകരൻ
,, കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരികയായിരുന്ന വ്യവസായ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്നതിൽ, എത്രയെണ്ണം കരാറനുസരിച്ച് പ്രവർത്തനക്ഷമമാണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രപൊതുമേഖലാ സ്ഥാപനവുമായി ചേർക്കുന്നതിനു മുമ്പ് ലഭ്യമായിരുന്ന ലാഭത്തേക്കാൾ മെച്ചം ഇത്തരത്തിൽ ലയിപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കരാറനുസരിച്ച് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംസ്ഥാന സർക്കാരിന് നിലവിൽ അധികാരമുണ്ടോ;

(ഡി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ ഉദ്ദേശ്യത്തിനനുസരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ?

## ഗെയിൽ പൈപ്പിടൽ പദ്ധതി

5896. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**
,, ജെയിംസ് മാത്യു
,, പി.ടി.എ. റഹീം
,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗെയിൽ പൈപ്പിടൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ഏതെല്ലാം തലത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

## കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾ

T 5897. ശ്രീ.എം.എ.ബേബി
,, പി.കെ.ഗുരുദാസൻ
,, സി.കെ സദാശിവൻ
,, എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമരത്തിലേർപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവർ ഉന്നയിച്ച ആവശ്യങ്ങൾ എന്തെന്നും അവയോടുള്ള നിലപാടും അറിയിക്കാമോ ;

(സി)

(ഡി)

## പൊതുമേഖലാ സ്ഥാപനങ്ങൾ

5898. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്;

പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈമാറ്റം

5899. ശ്രീ.എളമരം കരീം
,, എം.ചന്ദ്രൻ
,, ജി.സുധാകരൻ
,, കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എം.എൽ-നെ പോലുള്ള നല്ല പുരോഗതി നേടാൻ സാധിക്കുന്ന നിരവധി സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക്കൈമാറുന്നുണ്ടോ ; വ്യക്തമാക്കാമോ;?

(ബി)

പൊതുമോഖലാ സ്ഥാപനങ്ങളിലെ വിരമിക്കൽ പ്രായം

5900. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വിരമിക്കൽ പ്രായം 60 വയസ്സായി നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഉണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) അറുപതു വയസ്സിനു താഴെ വിരമിക്കൽ പ്രായം നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ?

ധാതുഖനനവും കടത്തും നിയന്ത്രിക്കൽ

5901. ശ്രീ.എം.പി.വിൻസെൻറ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി.ഡി.സതീശൻ
,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുഖനനവും അതിന്റെ കടത്തും നിയന്ത്രിക്കാനും പരിശോധിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ മേഖലയിലെ പ്രതിസന്ധി

5902. പ്രൊഫ. സി.രവീന്ദ്രനാഥ്
ഡോ.കെ.ടി.ജലീൽ
ശ്രീമതി.കെ.കെ.ലതിക
ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയം നിർമ്മാണ മേഖലയ്ക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

സിഡ്കോയിലെ നിയമനങ്ങൾ

5903. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ ഹെഡ് ഓഫീസ്, മാർക്കറ്റിംഗ് എംപോറിയങ്ങൾ, യൂണിറ്റുകൾ എന്നിവിടങ്ങളിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പേരെ നിയമിച്ചുവെന്നതിന്റെ വിശദാംശങ്ങൾ അവരുടെ തസ്തിക, ശമ്പളം, മറ്റാനുകൂല്യങ്ങൾ, നിയമനതീയതി എന്നിവ സഹിതം ലഭ്യമാക്കുമോ ?

കാസർഗോഡ് ജില്ലയിലെ മിനി ഇൻഡസ്ട്രിയൽ പാർക്കുകൾ

5904. ശ്രീ.കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര മിനി ഇൻഡസ്ട്രിയൽ പാർക്കുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജില്ലയിൽ വ്യവസായ വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

5905. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിലും /നഷ്ടത്തിലും പ്രവർത്തിച്ചിരുന്നവയും കഴിഞ്ഞ സർക്കാർ സഹായസംവിധാനങ്ങളിലൂടെ പ്രവർത്തിച്ചുവന്നിരുന്നതുമായ സ്ഥാപനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലാഭത്തിൽ പ്രവർത്തിച്ചവയും നഷ്ടത്തിൽ പ്രവർത്തിച്ചവയുമായ പൊതുമേഖലാ സ്ഥാപനങ്ങൾ, നഷ്ടത്തിൽ പ്രവർത്തിച്ചവയിൽ ലാഭകരമായി മാറ്റാൻ കഴിഞ്ഞ സ്ഥാപനങ്ങൾ, പൂട്ടിയ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്നും പൂട്ടിയ സ്ഥാപനങ്ങൾ പുനരുദ്ധരിച്ച് പ്രവർത്തനം തുടങ്ങാൻ ഓരോ വർഷവും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ 2011 മുതൽ 2015 വരെ ഏതെല്ലാം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും പുനരുദ്ധാരണ പ്രക്രിയകൾക്കും അടഞ്ഞു കിടക്കുന്നവ തുറന്ന് പ്രവർത്തനമാരംഭിക്കുന്നതിനും പുതിയ ഏതെല്ലാം സ്ഥാപനങ്ങൾ തുടങ്ങുന്നതിനും എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്നും ഇതിനായി വായ്പ എടുക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ നല്കിയെന്നും വായ്പാ തുക സഹിതം വ്യക്തമാക്കുമോ ;

(ഡി) നിലവിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓരോന്നിലും എത്ര സ്ഥിരം /താൽക്കാലിക ജീവനക്കാരുണ്ടെന്നും, ഓരോന്നിലും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അടച്ചുപൂട്ടിയവയിൽ ഓരോന്നിലും എത്ര ജീവനക്കാരുണ്ട് എന്നും ഇവർക്ക് പ്രസ്തുത സ്ഥാപനത്തിൽ നിന്നോ സർക്കാരിൽ നിന്നോ എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

### കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

5906. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാം; വെളിപ്പെടുത്തുമോ ;

(ബി) ഓരോ പ്രവൃത്തികളുടേയും ലക്ഷ്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ ;

(സി) ഓരോന്നിന്റേയും അടങ്കൽ തുക, പ്രവർത്തന രീതി എന്നിവ വിശദീകരിക്കാമോ ?

### സിഡ്കോയിൽ പെൻഷൻ പറ്റിയവർക്ക് പുനർനിയമനം

5907. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിഡ്കോയിൽ ഹെഡ് ഓഫീസ്, മാർക്കറ്റിംഗ്, എംപോറിയം, യൂണിറ്റുകൾ എന്നിവിടങ്ങളിൽ ഈ സർക്കാർ അധികാരമേറ്റശേഷം പെൻഷൻ പറ്റിയവർക്ക് പുനർനിയമനം നൽകിയിട്ടുണ്ടോ എന്നും, അവർ ജോലി ചെയ്യുന്ന/ചെയ്ത തസ്തികകൾ, അവരുടെ പേരുകൾ, ഓരോരുത്തരും വാങ്ങിയ പ്രതിമാസ ശമ്പളം, ഇതുവരെ വാങ്ങിയ ആകെ ശമ്പളം, ഓരോരുത്തരും നിയമിക്കപ്പെട്ട തീയതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സിഡ്കോയിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും അവ ഏതൊക്കെയാണെന്നും പ്രസ്തുത തസ്തികകൾ പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

### വ്യവസായ വകുപ്പിനായി **2014-15** ബജറ്റിൽ വകയിരുത്തിയ തുക

5908. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനായി 2014-15 ബജറ്റിൽ വകയിരുത്തിയ തുകയെത്രയെന്ന് വ്യക്തമാക്കാമോ; എന്തെല്ലാം പദ്ധതികൾക്കായി എത്ര രൂപാവീതം വകയിരുത്തിയെന്നും എത്ര രൂപാവീതം ചെലവാക്കിയെന്നും വിവരിക്കാമോ?

### പുതിയ മൈനിംഗ് ലീസും പെർമിറ്റുകളും

5909. **ശ്രീ.ബെന്നി ബെഹനാൻ**
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മൈനിംഗ് ലീസും പെർമിറ്റുകളും നൽകുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

### ക്വാറി ഉടമകൾ നൽകേണ്ട റോയൽറ്റി

T 5910. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)**
,, സി.കൃഷ്ണൻ
,, വി.ചെന്താമരാക്ഷൻ
,, ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വാറി ഉടമകൾ നൽകേണ്ട റോയൽറ്റി വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അവസാനമായി റോയൽറ്റി എന്നാണ് വർദ്ധിപ്പിച്ചതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത വർദ്ധനവ് ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ സമ്മർദ്ദമുണ്ടോ; ധനകാര്യവകുപ്പ് ഇതിന്മേൽ അഭിപ്രായം നൽകുകയുണ്ടായിട്ടുണ്ടോ;

(ഡി) ക്വാറി ഉടമകൾ, ക്വാറികളിൽ നിന്ന് കൊണ്ടുപോകുന്ന കരിങ്കല്ലിന് കൃത്യമായ കണക്ക് നൽകാറില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ</u>

5911. ശ്രീ.ടി.എൻ. പ്രതാപൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്?

<u>കരിങ്കൽ ക്വാറികൾ</u>

5912. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്വാറികളിൽ പാരിസ്ഥിതിക അനുമതി ലഭിച്ചവ എത്ര എണ്ണമാണുള്ളത്;വിശദാംശം വ്യക്തമാക്കുമോ?

<u>ടെക്സ്റ്റയിൽ ടെക്നോളജി കോളേജ്</u>

5913. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ ടെക്സ്റ്റയിൽ ടെക്നോളജി കോളേജ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ:എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ടെക്സ്റ്റയിൽ കോർപറേഷന്റെ കീഴിലുള്ള കോട്ടയം ടെക്സ്റ്റയിൽസിന്റെ കീഴിൽ, തേനിപ്പള്ളിയിൽ ഒരു ടെക്സ്റ്റയിൽ ടെക്നോളജി കോളേജ് സ്ഥാപിക്കണമെന്ന ആവശ്യം മുന്നോട്ടുവന്നുവെങ്കിലും വ്യവസായ വകുപ്പ് പ്രസ്തുത പ്രൊപ്പോസലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ടെക്സ്റ്റയിൽ ടെക്നോളജി സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്ത് നിന്നും വിദ്യാർത്ഥികൾ അന്യ സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ആവശ്യം സംബന്ധിച്ച് വകുപ്പ് അനുകൂല നിലപാട് സ്വീകരിക്കുമോ?

<u>ഐ.ടി വകുപ്പ് മുഖേന ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ</u>

5914. ശ്രീ.ബെന്നി ബെഹനാൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, വി.ഡി.സതീശൻ
,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഐ.ടി വകുപ്പ് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

<u>ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ</u>

5915. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലത്ത് ഒരു ഐ.ടി. പാർക്ക് തുടങ്ങുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(സി) അതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>അക്ഷയ സംരംഭകർക്ക് നൽകാനുള്ള കുടിശ്ശിക</u>

5916. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സേവനങ്ങൾ പ്രദാനം ചെയ്ത ഇനത്തിൽ അക്ഷയ സംരംഭകർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ട്;

(ബി) ജനസമ്പർക്ക പരിപാടിയുടെ രജിസ്ട്രേഷൻ നടത്തിയ വകയിൽ അക്ഷയ സംരംഭകർക്ക് എത്ര തുക നൽകാനുണ്ട്;

(സി) പ്രസ്തുത തുക ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി

5917. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഓരോ പഞ്ചായത്തിലും ആവശ്യമായ അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്നും ഓരോ സേവനങ്ങൾക്കും അനുവദനീയമായ ഫീസ് എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്ന അക്ഷയ കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി

5918. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വകുപ്പുകളിലാണ് ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി ഏർപ്പെടുത്തിയത്; ഇതിലൂടെയുണ്ടായ മികവ് എന്താണെന്ന് വിശദമാക്കാമോ?

പട്ടികവർഗ്ഗക്ഷേമ വകുപ്പും സർക്കാരേതര സംഘടനകളും

5919. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്ഷേമ വകുപ്പ് ഇപ്പോൾ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളുടെ പിടിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ എന്തെല്ലാം പദ്ധതികളാണ് എൻ ജി ഒ കൾക്ക് നൽകിയിട്ടുള്ളത്; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദവിവരം നൽകുമോ?

ദേശീയ പട്ടികവർഗ്ഗ സ്ത്രീ ശാക്തീകരണ യോജന

5920. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പട്ടികവർഗ്ഗ സ്ത്രീ ശാക്തീകരണ യോജന എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ലോൺ കിട്ടുന്നതിന് സ്വന്തം ജാമ്യമോ സ്വത്ത് ജാമ്യമോ സ്വീകരിക്കുമോ;ഇല്ലെങ്കിൽ സ്വത്ത് ജാമ്യം സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിനുള്ള കമ്മറ്റികൾ

5921. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ഭരണപരവും മറ്റുള്ളതുമായ നടത്തിപ്പിന് പ്രത്യേക കമ്മറ്റികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കമ്മറ്റി കൃത്യമായി യോഗങ്ങൾ ചേരാറുണ്ടോ; എങ്കിൽ അവസാനമായി ചേർന്ന തീയതിയും യോഗതീരുമാനത്തിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകളിലെ ജീവനക്കാരുടെ സമയക്രമീകരണം എങ്ങനെയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്കൂളുകളിൽ ജോലി ചെയ്യുന്ന വാച്ച്മാന്മാർ ആഴ്ചയിൽ ആറ് ദിവസവും 24 മണിക്കൂറും ജോലി ചെയ്യേണ്ടിവരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ മനുഷ്യാവകാശലംഘനമെന്നതിന്റെ അടിസ്ഥാനത്തിൽ വാച്ച്മാൻമാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

പോലീസ് സ്റ്റേഷനുകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന

5922. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഈ സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ആദിവാസി വിഭാഗത്തിന്റെ ഉന്നമനം

5923. ശ്രീ.കെ.കെ.ജയചന്ദ്രൻ

,, കെ.രാധാകൃഷ്ണൻ

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബലരായ ആദിവാസി വിഭാഗത്തെ സമൂഹത്തിലെ മുഖ്യധാരയിലെത്തിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസികകൾക്ക് മറ്റ് വിഭാഗങ്ങളോടൊപ്പം എത്താൻ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യബോധം തുടങ്ങിയ മേഖലകളിലെ പോരായ്മകൾ വിഘാതമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം കാര്യങ്ങളിൽ ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

<u>ആദിവാസി ക്ഷേമപദ്ധതികൾ ഫലവത്താകുന്നില്ലെന്ന പരാതി</u>

5924. ശ്രീ.എ.കെ.ബാലൻ

,, കെ.കെ.ജയചന്ദ്രൻ

,, കെ.വി.വിജയദാസ്

,, കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിനായുള്ള പദ്ധതികൾ ഫലവത്താകുന്നില്ലെന്ന പരാതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) അട്ടപ്പാടി പാക്കേജ്, ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി, ഭവനം, ആദിവാസി മേഖലയിൽ പോഷകാഹാര കുറവുമൂലമുള്ള മരണങ്ങൾ തടയൽ തുടങ്ങിയ പ്രഖ്യാപിത പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ ;

(സി) ആദിവാസി മേഖലയിൽ പദ്ധതിക്ക് നീക്കിവയ്ക്കുന്ന പണം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കാമോ?

<u>നൈപുണ്യ വികസന പരിപാലന പദ്ധതി</u>

5925. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.റ്റി വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്കായി ആവിഷ്കരിച്ചിട്ടുള്ള നൈപുണ്യ വികസന പരിപാലന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്കായി ഓരോ വർഷവും എത്ര രൂപ വീതമാണ് നീക്കിവച്ചിരുന്നത്; അതിൽ ഓരോ വർഷവും എത്ര രൂപ വീതം ചെലവഴിച്ചു;

(സി) എത്ര യുവതി യുവാക്കൾക്ക് ഈ പദ്ധതിയുടെ ഗുണം ലഭിച്ചു; വിശദാംശങ്ങൾ ജില്ലയും വർഷവും തിരിച്ച് വ്യക്തമാക്കുമോ?

<u>ജില്ലാതല മോണിറ്ററിംഗ് കമ്മറ്റികൾ</u>

5926. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിനെതിരെ നടക്കുന്ന ആക്രമങ്ങൾ തടയാനുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മറ്റികൾ ഏതെല്ലാം ജില്ലയിൽ എത്ര തവണ വീതം യോഗം ചേർന്നെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഓരോ യോഗത്തിന്റെയും അടിസ്ഥാനത്തിൽ എത്ര പേരുടെ പുനരധിവാസത്തിനുള്ള നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ;

(സി) ഇതിൽ എത്ര പേർക്ക് പൂർണ്ണമായും സഹായം ലഭ്യമായെന്ന് വെളിപ്പെടുത്താമോ ?

<u>വിദ്യോദയം</u>

5927. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, ബെന്നി ബെഹനാൻ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യോദയം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചിട്ടുള്ളത്;

(സി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ഭരണതലത്തിൽ നടപ്പാക്കിയിട്ടുണ്ട്?

<u>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ</u>

5928. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

സുഗന്ധഗിരി, പൂക്കോട്കുന്ന് കുടിവെള്ള പദ്ധതി

5929. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ സുഗന്ധഗിരി, പൂക്കോട്കുന്ന് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ എന്നേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്ത മാക്കുമോ ?

ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും

5930. ശ്രീ.വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ആദിവാസികളുടെ പ്രശ്നങ്ങൾ

5931. ശ്രീ.കെ.രാധാകൃഷ്ണൻ

,, കെ.വി.വിജയദാസ്

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സയും ഭക്ഷണവും ലഭിക്കാതെ കുട്ടികൾ ഉൾപ്പെടെയുള്ള പട്ടിക ഗോത്ര വിഭാഗത്തിൽപ്പെട്ടവർ ഇപ്പോൾ അനുഭവിക്കുന്ന ദുരവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പട്ടികർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ

5932. ശ്രീ.കെ.എൻ.എ.ഖാദർ

,, കെ.എം.ഷാജി

,, സി.മമ്മൂട്ടി

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാസയോഗ്യ ഭവനങ്ങളില്ലാത്ത പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികർഗ്ഗ വിഭാഗത്തിന്റെ ഭവന നിർമ്മാണത്തിന് ഏതൊക്കെ പദ്ധതികൾ പ്രകാരം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ വിവരം വ്യക്തമാക്കുമോ ;

പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

5933. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ ഓരോ ഇനത്തിലും അനുവദിച്ച തുകയുടെയും ഇനിയും ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പട്ടികവർഗ്ഗ സമഗ്ര ആരോഗ്യരക്ഷാ പദ്ധതി

5934. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, കെ.മുരളീധരൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കായി പട്ടിക വർഗ്ഗ സമഗ്ര ആരോഗ്യ രക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിച്ചിട്ടുള്ളത് ;

(സി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ഭരണ തലത്തിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾക്കായി പൊതുമരാമത്ത് വകുപ്പിന് നല്കിയ തുക</u>

5935. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾക്കായി പൊതുമരാമത്ത് വകുപ്പിന് നല്കിയ തുക സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ ;

(ബി) നല്ലൂർത്ത് സ്കൂൾ കെട്ടിടം നാളിതുവരെ പൂർത്തികരിക്കാൻ കഴിയാത്തതെന്തുകൊണ്ട് ; വകുപ്പിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

<u>പട്ടികവർഗ്ഗ മേഖലയിൽ ചെലവഴിച്ച തുക .</u>

5936. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ മേഖലയിൽ എത്ര കോടി രൂപയാണ് ഈ സർക്കാർ ചെലവഴിച്ചത് ;

(ബി) പട്ടികവർഗ്ഗ കോളനികളിലെ വികസനത്തിനായി ഇതിൽ എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട് ;

(സി) കോളനികളിൽ എത്ര കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട്?

<u>പട്ടികവർഗ്ഗ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നതിന് പദ്ധതി</u>

5937. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, വർക്കല കഹാർ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിച്ചിട്ടുള്ളത്;

(സി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ഭരണതലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്?

<u>പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ പാചക ജോലിക്കാരുടെ വേതന പരിഷ്കരണം</u>

5938. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ പാചക ജോലിക്കാരുടെ നിലവിലെ വേതനം എത്രയെന്നും, ഇത് എന്നു മുതൽ നിലവിൽ വന്നതാണെന്നും വിശദമാക്കുമോ;

(ബി) ഇവരുടെ വേതനം കാലോചിതമായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനം</u>

5939. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയിലും വനാതിർത്തിയിലുമുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ പലരും സ്കൂളുകളിൽ പോകാതെ രക്ഷാകർത്താക്കളോടൊപ്പം വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി വനത്തിൽ കഴിയാറുണ്ടെന്ന വിധത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഠനം മുടങ്ങുന്ന, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ തിരികെ സ്കൂളുകളിൽ എത്തിയ്ക്കുന്നതിനും പഠനം തുടരുന്നതിനും പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ കുട്ടികൾക്ക് പ്രത്യേകിച്ച് ആൺകുട്ടികൾക്ക് സ്കൂളുകളോട് ചേർന്ന് ഹോസ്റ്റൽ സൗകര്യമില്ലാത്തത് ഇവരുടെ പഠനം മുടങ്ങുന്നതിന് കാരണമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ കുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിന് പ്രത്യേകം ശ്രദ്ധ നൽകുമോ?

<u>പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി</u>

5940. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനുള്ള സംസ്ഥാനതല ഉന്നതാധികാര വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര തവണ യോഗം ചേർന്നെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ യോഗവും അക്രമത്തിനിരയായ എത്ര പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് വേണ്ടി, കേസുകളുടെ സ്വഭാവം തിരിച്ച പട്ടിക, ധനകാര്യവകുപ്പിലേക്കയച്ചെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിൽ എത്ര കേസുകളിൽ എത്ര തുക വീതം നൽകാൻ ധനകാര്യവകുപ്പ് അനുമതി നല്കിയെന്ന് വിശദമാക്കാമോ ?

പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ പദ്ധതി

5941. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ പദ്ധതി കേന്ദ്രഫണ്ടിന്റെ അപര്യാപ്തതമൂലം അവതാളത്തിലായിരിക്കുകയാണെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കേന്ദ്രഫണ്ട് നേടിയെടുക്കുന്നതിൽ യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഫണ്ടിന്റെ അപര്യാപ്തത പരിഹരിച്ച് പദ്ധതി നടത്തിക്കൊണ്ടു പോകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം നൽകുമോ?

ഭാരത് ദർശൻ പരിപാടി

5942. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലുള്ള യുവതി യുവാക്കൾക്ക് വേണ്ടി യുവജനക്ഷേ ബോർഡ് സംഘടിപ്പിച്ച ഭാരത് ദർശൻ പരപാടിക്ക് അനുവദിച്ച തുക എത്രയായിരുന്നു ; യഥാർത്ഥത്തിൽ ചെലവായ തുക എത്ര ;

(ബി) യാത്രാ സംഘത്തിലേക്കുള്ള പട്ടിക ജാതി വിഭാഗത്തിൽ നിന്നുള്ള ആളുകളെ ഏത് മാനദണ്ഡപ്രാകരമാണ് തെരഞ്ഞെടുത്തത് ; വിശദമാക്കാമോ ;

(സി) പട്ടികജാതി വിഭാഗത്തിൽ നിന്ന് ഏറ്റവും ദരിദ്രമായ പശ്ചാത്തലത്തിലുള്ള യുവാക്കളെയാണോ ഈ സംഘത്തിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത് ; ഈ പരിപാടിയുടെ ചെലവിൽ മന്ത്രിക്ക് പുറമേ ഏതെല്ലാം ഉദ്യോഗസ്ഥന്മാർ യാത്ര ചെയ്യുകയുണ്ടായി ?

യുവജനങ്ങൾക്ക്മാധ്യമ ക്യാമ്പ്

5943. ശ്രീ.വി.റ്റി.ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമ രംഗത്തേക്ക് കടന്ന് വരാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് വേണ്ടി ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ആരുടെയെല്ലാം പങ്കാളിത്തം പ്രയോജനപ്പെടുത്തുകയുണ്ടായി?

യുവ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

5944. ശ്രീ.ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, പി.സി വിഷ്ണുനാഥ്
,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന

5945. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതി നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) യുവതീയുവാക്കൾക്ക് ഏതെല്ലാം തൊഴിൽ മേഖലകളിലാണ് ഈ പദ്ധതി പ്രകാരം അവസരമൊരുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) എത്ര തുകയാണ് ഈ പദ്ധതി പ്രകാരം വിനിയോഗിക്കുവാൻ കഴിയുന്നത്;

(ഡി) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഭാരത് ദർശൻ യാത്ര

5946. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന ക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ എസ്.റ്റി. വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്കായി ഭാരത് ദർശൻ യാത്ര നടത്തിയിരുന്നോ; ഉണ്ടെങ്കിൽ യാത്രയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) എത്ര എസ്.റ്റി. യുവതി യുവാക്കൾ യാത്രയിൽ പങ്കെടുത്തു; എത്ര ഉദ്യോഗസ്ഥർ യാത്രയിൽ പങ്കെടുത്തു; ആരെല്ലാമായിരുന്നു ഉദ്യോഗസ്ഥർ; യാത്രക്കുള്ള ഭരണാനുമതി എപ്പോഴാണ് ലഭിച്ചത്; എന്നായിരുന്നു യാത്ര;

(സി) യാത്രാനുമതി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സംഘം യാത്ര ചെയ്തിട്ടുണ്ടോ; എത്ര തുകയാണ് യാത്രക്കായി നീക്കിവച്ചിരുന്നത്; എത്ര തുകയാണ് യാത്രയ്ക്ക് ചെലവായത്;

(ഡി) സംഘത്തിൽ യാത്ര ചെയ്ത യുവതി യുവാക്കളെയും ഉദ്യോഗസ്ഥരെയും തെരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമാക്കുമോ?

സാഹസിക അക്കാഡമി

5947. ശ്രീ.കെ.എസ്.ശബരീനാഥൻ
,, വി.റ്റി.ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സാഹസിക അക്കാഡമിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

സ്കിൽ പാർക്കുകൾ

5948. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ യുവാക്കളുടെ വൈദഗ്ദ്ധ്യ വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ ഏതെല്ലാം ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) യുവാക്കളുടെ വൈദഗ്ദ്ധ്യ വികസനത്തിനായി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഏതെല്ലാം ജില്ലകളിലാണ് ഇത്തരം പാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നത് ; മലപ്പുറം ജില്ലയിൽ പ്രസ്തുത പാർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ മലപ്പുറം ജില്ലയെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഏതെല്ലാം തരത്തിലുള്ള വൈദഗ്ദ്ധ്യ വികസനമാണ് ഈ പാർക്കുകളിലൂടെ ലക്ഷ്യമിടുന്നത്; ഇത്തരം പാർക്കുകൾ സ്ഥാപിക്കുന്നതിന് ഏത് രീതിയിലുള്ള പഠനമാണ് നടത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

യുവജനങ്ങൾക്കുള്ള മൂലധനസഹായത്തിന് പദ്ധതി

5949. ശ്രീ.വി.ഡി.സതീശൻ
,, വർക്കല കഹാർ
,, ലൂഡി ലൂയിസ്
,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കുള്ള മൂലധനസഹായത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

യുവവനിതാശാക്തീകരണത്തിന് ശിൽപശാല

5950. ശ്രീ.ഷാഫി പറമ്പിൽ
,, പി.സി വിഷ്ണുനാഥ്
,, കെ.എസ്.ശബരീനാഥൻ
,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവവനിതാശാക്തീകരണത്തിന് ശിൽപശാല സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

കൂടുതൽ മൃഗശാലകൾ ആരംഭിക്കുവാൻ നടപടി

5951. ശ്രീ.സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ

,, റ്റി.യു. കുരുവിള

,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തിന്റെ സാദ്ധ്യത പരിഗണിച്ച് സംസ്ഥാനത്ത് കൂടുതൽ മൃഗശാലകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള മൃഗശാലകൾ കൂടുതൽ സൗകര്യപ്രദമാകാകുന്നതിനും വിവിധയിനം മൃഗങ്ങളെയും പക്ഷികളെയും കൂടുതലായി നൽകി വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും നടപടികൾ സ്വീകരിയ്ക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

മ്യൂസിയം - മൃഗശാല വളപ്പിലെ കെട്ടിടങ്ങൾ

5952. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം തിരുവനന്തപുരം മ്യൂസിയം - മൃഗശാല വളപ്പിൽ എത്ര കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചു എന്നും അവ ഓരോന്നും എന്തിനു വേണ്ടിയായിരുന്നു എന്നും അവ ഓരോന്നിനും എത്ര തുക വീതമാണു നിർമ്മാണ ചെലവ് എന്നും വിശദമാക്കുമോ ;

(ബി) ഇവിടെ ഉണ്ടായിരുന്ന ബൊട്ടാണിക്കൽ ഗാർഡന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അതു സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ?

തിരുവനന്തപുരം മ്യൂസിയം, മൃഗശാല, ആർട്ട് ഗ്യാലറി എന്നിവയുടെ സംരക്ഷണം

5953. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ ഉണ്ടായിരുന്ന ഇറ്റാലിയൻ മ്യൂസിയം നശിപ്പിച്ചതും, കുളം നികത്തിയതും ആരുടെ നിർദ്ദേശപ്രകാരമാണ് ;

(ബി) ഇതുമായി ബന്ധപ്പെട്ടുള്ള എല്ലാ ഉത്തരവുകളും ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം മ്യൂസിയം, മൃഗശാല, ആർട്ട് ഗ്യാലറി എന്നിവ സംരക്ഷിക്കാനും വികസിപ്പിക്കുന്നതിനും എത്ര രൂപ ചെലവഴിച്ചുവെന്നും ആയതിലൂടെ നടപ്പിലാക്കപ്പെട്ട വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി.ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
21-07-2015

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.